പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2524 14/06/2019 ൽ മറുപടിക്ക്

## മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ചോദ്യം മറുപടി

**ശ്രീ.കെ.എൻ.എ ഖാദർ** കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലബാർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് ഇതുവരെയും ശമ്പള പരിഷ്കരണം നടപ്പിലാക്കാത്തതുകൊണ്ട് അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇരുപത്തിയഞ്ചു വർഷം വരെ സർവ്വീസുള്ളവർക്കുപോലും പതിനായിരം രൂപ മാത്രമാണ് ശമ്പളമായി ഇപ്പോഴും ലഭിക്കുന്നതെന്നും പരിമിതമായ ഈ ശമ്പളം പോലും തവണകളായാണ് നൽകുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നിലവിലെ നിയമ വ്യവസ്ഥ പ്രകാരം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള താഴ്ന്ന വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അടക്കം, ക്ഷേത്രത്തിലെ വരുമാനത്തിന്റെ ലഭ്യതയനുസരിച്ച് മാത്രമാണ് ശമ്പളം ലഭിച്ച് വരുന്നത്. മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നുള്ള ശമ്പള കുടിശ്ശികയ്ക്ക് അർഹതയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് വർഷത്തിൽ മൂന്ന് ഗഡുക്കളായി കുടിശ്ശിക ശമ്പളം നൽകുന്ന പദ്ധതിയാണ് നിലവിലുള്ളത്. |
| (സി) | മലബാർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് തിരുവിതാംകൂർ കൊച്ചി ദേവസ്വം ബോർഡുകളിൽ നടപ്പിലാക്കിയത് പോലുള്ള ശമ്പളപരിഷ്കരണം അടിയന്തരമായി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുമോ; | (സി) | തിരുവിതാംകൂർ- കൊച്ചി ദേവസ്വം ബോർഡുകളിൽ നിന്നും വിഭിന്നമായുള്ള നിയമ വ്യവസ്ഥയാണ് മലബാർ ദേവസ്വം ബോർഡിനുള്ളത്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ബോർഡിന് മേൽനോട്ടാധികാരം മാത്രമാണുള്ളത്. ക്ഷേത്രങ്ങളുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ, എ, ബി, സി, ഡി എന്നിങ്ങനെ ഗ്രേഡുകളായി |

| | | | |
|---|---|---|---|
| | | | തിരിച്ച് ക്ഷേത്രങ്ങളുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ചുള്ള ശമ്പള പരിഷ്കരണമാണ് മലബാർ ദേവസ്വം ബോർഡിൽ നടപ്പിലാക്കി വരുന്നത്. |
| (ഡി) | സംസ്ഥാനമൊട്ടാകെ ദേവസ്വം ബോർഡ് ജീവനക്കാർക്ക് ഏകീകൃത ശമ്പളം നൽകി തുല്യനീതി നടപ്പിലാക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ